കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksa.kerala.gov.in

# വണ്ടൂർ ഗ്രാമ പഞ്ചായത്ത് 2015-16 ഓഡിറ്റ് റിപ്പോർട്ട്


ജില്ലാ ഓഡിറ്റ് കാര്യാലയം , മലപ്പുറം

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം6/2699/2016

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം

തീയതി 07-10-2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

വണ്ടൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :വണ്ടൂർ ഗ്രാമപഞ്ചായത്ത് - 2015-16. സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

mac

നം.കെ.എസ്.എ.എം.പി.എം6/2699/2016 തിയ്യതി:07-10-2016

മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ നകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 20.2.2016 മുതൽ 18.9.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 19.9.2016 മുതൽ 28.9.2016വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.സി.പി.അബ്ദുൽ സത്താർ | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.മുഹമ്മദ് സലീം.ടി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. മൂസ്സ.ഇ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.അമീൻ ഫൈസൽ.ടി.ടി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി. സിതാര | 1.4.2015മുതൽ 31.10.2015വരെ |
| | | ഭരണ നിർവ്വഹണ സമിതി (സെക്രട്ടറി, കൃഷി ഓഫീസർ, ICDS | 1.11.2015 മുതൽ 30.11.2015 വരെ |

| | | | |
|---|---|---|---|
| | | സൂപ്പർവൈസർ | |
| | | ശ്രീമതി. റോഷിനി.കെ.ബാബു | 1.12.2015മുതൽ 31-03-2016 |
| സെക്രട്ടറി | : | ശ്രീ.ജിന ചന്ദ്രൻ | 1.4.2015മുതൽ 7.8.2015വരെ |
| | | ശ്രീ. പ്രേമചന്ദ്രൻ. ആർ | 8.8.2015മുതൽ31.3.2016വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീ. പ്രേമചന്ദ്രൻ. ആർ | 1.04.2015മുതൽ 7.8.2015വരെ |
| | | | (8.8.2015 മുതൽ31.8.2015 വരെ ആർക്കും ചുമതലയില്ല) |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീമതി. ടി.സി. ഗീത | 1.9.2015മുതൽ 12.10.2015 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീ .രാഘവൻ. പി.ടി | 13.10.2015മുതൽ 31.3.2016 വരെ |
| അഗ്രികൾച്ചറൽ ഓഫീസർ | | ശ്രീ. സുബൈർ ബാബു.കെ | 1.04.2015മുതൽ 31.3.2016വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | | ഡോ:പ്രീത. വി.കെ | 1.04.2015മുതൽ 31.3.2016വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | ശ്രീമതി. ജയഗീത.കെ.എം | 1.04.2015മുതൽ 31.3.2016വരെ |
| വെറ്ററിനറി സർജൻ | | ഡോ:ഫിലോമിന തോമസ് | 1.4.2015മുതൽ 31.3.2016വരെ |
| മെഡിക്കൽ ഓഫീസർ (അലോപതി) | | ഡോ:സി.ടി.പി അബ്ദുൽ ഗഫൂർ | 1.4.2015മുതൽ 31.3.2016വരെ |
| ഹെഡ്മാസ്റ്റർ | | ശ്രീ. ബാബുരാജ് | 1.4.2015മുതൽ 31.3.2016വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | | ഡോ:രവീന്ദ്രബാബു | 1.4.2015മുതൽ 30.6.2015വരെ |
| .മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | | ഡോ:സുനിൽ ബാബു. പി.ടി | 1.7.2015മുതൽ .31.3.2016വരെ |
| വി.ഇ.ഒ | | ശ്രീ. അജയഘോഷ്.വി | 1.4.2015മുതൽ 12.11.2015വരെ |
| വി.ഇ.ഒ | | ശ്രീ. അബ്ദുൽ റഷീദ്.കെ.എ | 13.11.2015 മുതൽ 31.3.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീമതി. കീർത്തി.ടി.എസ് | 1.4.2015 മുതൽ 6.7.2015 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീ.രഘു | 7.7.2015 മുതൽ 31.3.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1.1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 | |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1.3 | |
| 4 | സാമ്പത്തിക വിശകലനം | 1.4 | |

| | | | |
|---|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1.5 | |
| 6 | പദ്ധതി അവലോകനം. | 1.6 | |
| 7 | തനത് വരുമാനം. | 1.7 | |
| 8 | ക്ഷേമപദ്ധതികൾ | 1.8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1.1 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 | |
| | ഭാഗം 2 | | |
| 12 | FAR: അധിക ഫീസ് ഈടാക്കിയില്ല; പഞ്ചായത്ത് ഫണ്ടിന് 1,83,495/- രൂപയുടെ നഷ്ടം. | 2-1 | |
| 13 | ഷോപ്പിംഗ് കോപ്ലംക്സ് വാടക; പഞ്ചായത്ത് ഫണ്ടിന് 27,029/-രൂപയുടെ നഷ്ടം. | 2-2 | |
| 14 | ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചത് ക്രമപ്രകാരമല്ല. | 2-3 | |
| | ഭാഗം 3 | | |
| 15 | ചെയ്യാത്ത പ്രവൃത്തികൾക്ക് തുക നൽകി. ഗ്രാമ പഞ്ചായത്തിന് 219342 രൂപ നഷ്ടം | 3-1 | |
| 16 | ടെണ്ടർ കുറവ് കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകി. | 3-2 | |
| 17 | പുകയില്ലാത്ത അടുപ്പിന് അധിക തുക നൽകി | 3-3 | |
| 18 | റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ. അപാകതകൾ | 3-4 | |
| 19 | പ്രൊഫഷണൽ ചാർജ്ജുകൾക്ക് ആദായനികുതി കുറവായി ഈടാക്കി. | 3-5 | |
| 20 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 3-6 | |
| 21 | ആർജ്ജിതാവധി സറണ്ടർ- അധികം നല്കി. | 3-7 | |
| | ഭാഗം 4 | | |
| 22 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 | |
| 23 | 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 | |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 | |
| 25 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 | |
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4.5 | |
| 27 | ഓഡിറ്റ് റിക്കവറി | 4.6 | |
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4.7 | |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4.8 | |

| | | | |
|---|---|---|---|
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.9 | |

# ഭാഗം -1
# പൊതു അവലോകനം

## 1-1. ബജറ്റ്

2015-16വർഷത്തെ ബജറ്റ് 25.3.2015 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ | അപാകത പരിഹരിച്ച് |
|---|---|---|---|

| | | തിരിച്ചയച്ച തീയതി | ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 12.7.2016 | - | - |

# 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 15-16 | 24.09.2016 | കെ.എസ്.എ.എം.പി.എം6/2699/2016 തീയതി 07-10-2016 |

<u>അക്കൗണ്ട് സർട്ടിഫിക്കേഷൻ- അപാകതകൾ</u>.

2015-16-ലെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ താഴെ ചേർക്കുന്നു.

1). A, C, CFC, KLGSDP എന്നീ ഗ്രാന്റുകളുടെ വരവുകൾ AFS ൽ ഉൾപ്പെടുത്തിയതിൽ താഴെ പറയുന്ന പൊരുത്തക്കേടുകൾ ഉണ്ട്.

| ഗ്രാന്റ് | സർക്കാർ ഉത്തരവ് പ്രകാരമുള്ള ഗ്രാന്റ് | AFSൽ ഉൾപ്പെടുത്തിയ തുക | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 15392809 | 3226852 | 12165957 |
| വികസന ഫണ്ട് (SCP) | 10540000 | 10195307 | 344693 |
| KLGSDP ഗ്രാന്റ് | 0 | 5121019 | 5121019 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 6925000 | 6789791 | 135209 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 5214000 | 4112947 | 1101053 |
| CFC | 11122762 | 10351993 | 770769 |

2). ലോൺ ബാലൻസ് ബാലൻസ് ഷീറ്റ് പ്രകാരം 1984925 രൂപയും ലോൺ റജിസ്റ്റർ പ്രകാരം 1992425 രൂപയുമാണ്.

3). വാർദ്ധക്യ കാല പെൻഷൻ 15604410 രൂപയുടെ വരവ് ചെലവ് വാർഷികക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

4). പിരിഞ്ഞുകിട്ടാനുള്ളതിൽ സംശയാസ്പദമായ തുകകൾക്ക് പ്രൊവിഷൻ നൽകിയിട്ടില്ല.

8). ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

9). അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

# 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 45267106

വരവ് - 81855617

ആകെ - 127122723

ചെലവ് - 103071747

നീക്കിയിരിപ്പ്- 24050976

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 7560445 | 15392809 | 22953254 | 22417602 | 535652 | 97.67 |
| വികസനഫണ്ട് എസ്.സി.പി. | 1955909 | 10540000 | 12495909 | 12151216 | 344693 | 97.24 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 114000 | 114000 | 0 | 114000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 1480008 | 6925000 | 8405008 | 8290026 | 114982 | 98.63 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1781314 | 5214000 | 6995314 | 5874034 | 1121280 | 83.97 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3878965 | 11122762 | 15001727 | 8771672 | 6230055 | 58.47 |
| പെർഫോമൻസ് ഗ്രാന്റ് | 5121019 | 0 | 5121019 | 5121019 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 25550751 | 25550751 | 25550751 | 0 | 100 |
| ബി ഫണ്ട് | 0 | 49427510 | 49427510 | 49427510 | 0 | 100 |

ജി.ഒ.(പി)119/15/ധന. തീയതി 21-03-2015 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിൽ സർക്കാർ ഉത്തരവ് വഴി അലോട്ട് ചെയ്യുന്ന മുഴുവൻ തുകയും എ.എഫ്.എസിൽ വരവായെടുക്കേണ്ടതായിരുന്നു. അപ്രകാരം
ചെയ്യാതെ ചെലവഴിച്ച തുക മാത്രമാണ് എ.എഫ്.എസിൽ വരവായി ഉൾപ്പെടുത്തിയത്. എന്നാൽ സർക്കാർ അലോട്ട്മെന്റ് നൽകിയ മുഴുവൻ തുകയും വരവിൽ കാണിച്ച് ചെലവഴിക്കാത്ത തുക വർഷാന്ത്യ ബാക്കിയായി കാണിച്ചാണ് ഈ പത്രിക തയ്യാറാക്കിയത്

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 285 | 94745808 | 260 | 81913786 | 6 | 19 | 93.33 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 4.55ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 9232999 | 9409348 | 176349 | 1.87 |
| നികുതിയേതര വരവുകൾ | 3850084 | 4298513 | 448429 | 11.64 |
| ആകെ | 13083083 | 13707861 | 624778 | 4.55 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 795720 | 483 |
| കർഷകതൊഴിലാളി പെൻഷൻ | 3826560 | 472 |
| വിധവാപെൻഷൻ | 21342560 | 2147 |
| വാർദ്ധക്യകാലപെൻഷൻ | 15604410 | 2044 |
| വികലാംഗപെൻഷൻ | 6374540 | 609 |
| വിവാഹ ധനസഹായം | 540000 | 20 |
| അവിവാഹിതരായ 50 വയസ്സ് കഴിഞ്ഞ പെൻഷൻ | 943720 | 93 |
| | | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

ക്യാഷ് ബാലൻസ് ഇല്ല.പിരിച്ചെടുത്ത തുക അതാത് ദിവസം തന്നെ ബാങ്കിൽ അടക്കുകയാണ് ചെയ്യുന്നത്.

## 1-10 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്ത് കാര്യാലയത്തിലേക്കാവശ്യമായ ഫോറങ്ങളും മറ്റ് സ്റ്റോറുകളും വാങ്ങുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥർ മരുന്ന് തുടങ്ങിയവ വാങ്ങുന്നതിനും സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ആവശ്യകതാ നിർണ്ണയം നടത്തുന്നില്ല.

സ്ഥാപന സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് ശമ്പള ബില്ലുകൾ തയ്യാറാക്കുന്നതെങ്കിലും അതിനോടനുബന്ധിച്ചുള്ള അക്വിറ്റൻസ് ഉപയോഗിക്കുന്നില്ല

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.7.16 | ജൂൺ 2016 | 31.8.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.12.2012 മുതൽ 3.1.2013 വരെ | 2007-08മുതൽ 2011-12 വരെ | 4.3.2013 |

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 FAR: അധിക ഫീസ് ഈടാക്കിയില്ല; പഞ്ചായത്ത് ഫണ്ടിന് 1,83,495/- രൂപയുടെ നഷ്ടം.

ശ്രീ.അബ്ദുൽ മജീദ്, ശ്രീ.അബ്ദുൽ നാസർ പാറഞ്ചേരി വീട്, കൂരാട് പി.ഒ എന്നവർക്ക് ബിൽഡിംഗ് പെർമിറ്റ് (പെർമിറ്റ് നമ്പർ A5-4916/2014) നൽകിയപ്പോൾ FAR പ്രകാരമുള്ള അധിക ഫീസ് ഈടാക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ടിന് 1,83,495/- രൂപയുടെ നഷ്ടം. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

കേരള പഞ്ചായത്ത് ബിൽഡിംഗ്സ് റൂൾസിലെ ചട്ടം 35(2), പട്ടിക 2 പ്രകാരം കാറ്റഗറി II വില്ലേജ് പഞ്ചായത്തുകളിൽ ഗ്രൂപ്പ് A2, ഗ്രൂപ്പ് F വിഭാഗത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് അധിക ഫീസ് കൂടാതെ നിർമ്മാണം നടത്തുന്നതിനുള്ള FAR (Floor Area Ratio) യഥാക്രമം 1.50, 1.75-ഉം ആണ്. കൂടാതെ ചട്ടം 35-2(iii) പ്രകാരം 0.5 ഹെക്ടർ വരെ വിസ്തീർണമുള്ള പ്ലോട്ടുകളിൽ ഒന്നിലധികം വിഭാഗത്തിൽപ്പെടുന്ന (ഒരേ ബിൽഡിംഗിൽ) നിർമ്മാണങ്ങളുണ്ടെങ്കിൽ, അതിൽ ഏറ്റവും നിയന്ത്രണമുള്ള വിഭാഗത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ബാധകമായ FAR മൊത്തം നിർമ്മാണത്തിന് ബാധകമായിരിക്കണമെന്നും നിഷ്കർശിച്ചിട്ടുണ്ട്.

മേൽ വ്യക്തികൾക്ക് നൽകിയിട്ടുള്ള പെർമിറ്റ് (പെർമിറ്റ് നമ്പർ A5-4916/2014), സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ അംഗീകൃത പ്ലാൻ/ സ്കെച്ച് എന്നിവ പ്രകാരം ബേസ്മെന്റ്, ഗ്രൗണ്ട്, I, II നിലകൾ വാണിജ്യ വിഭാഗത്തിലും (ഗ്രൂപ്പ് F), III-ാം നില ലോഡ്ജിംഗ് ഹൌസ് (ഗ്രൂപ്പ് A2) വിഭാത്തിലും നിർമ്മാണം നടത്തുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ആയതിനാൽ ചട്ടം 35-2(iii) പ്രകാരം മൊത്തം നിർമ്മാണത്തിനും ഗ്രൂപ്പ് A2 വിഭാഗത്തിൽപ്പെട്ട നിർമ്മാണത്തിന്റെ FAR ബാധകമാവുന്നതും 1.5-ന് മുകളിൽ ഫ്ലോർ ഏരിയ റേഷ്യോയുള്ളതിനാൽ പെർമിറ്റ് നൽകിയപ്പോൾ പെർമിറ്റ് ഫീസും, അധികമുള്ള വിസ്തീണത്തിന് അധിക ഫീസും (Rs 500/ M2) ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പെർമിറ്റ് നൽകിയപ്പോൾ അധികമുള്ള വിസ്തീർണത്തിന് പട്ടിക പ്രകാരമുള്ള അധിക ഫീസ് ഈടാക്കിയിട്ടില്ല.

| | |
|---|---|
| Permit No | : A5/4916/14 dtd 24.01.2015 |
| Plinth Area (as per Permit & Approved Plan) | : 1870.24 M2 |
| Total Floor Area [after excludings as per Rule 8 &35(ii)] | : 1417 M2 |
| Plot Area | : 700 M2 |
| FAR | : 2.02 (1417/700) |
| അധിക ഫീസ് കൂടാതെ നിർമ്മിക്കാവുന്ന വിസ്തീർണം | : 1050 M2 |
| അധിക ഫീസ് ഈടാക്കേണ്ട വിസ്തീർണ്ണം | : 367 M2 |
| ഈടാക്കേണ്ട അധിക ഫീസ് (@500/ M2) | : 183500 (367*500) |
| ഈടാക്കേണ്ട ആകെ ഫീസ് (പെർമിറ്റ് ഫീ + അധിക ഫീസ്) | : 192850 [1870*5 + 367*500) |
| ആകെ ഫീസ് ഈടാക്കിയത് | : 9355/- (രസീതി നമ്പർ 11411101401 dtd 21.01.2015) |
| കുറവ് | : 1,83,495/- |

അധിക ഫീസ് ഈടാക്കാത്തതു മൂലം പഞ്ചായത്തു ഫണ്ടിനുണ്ടായിട്ടുള്ള 1,83,495/-രൂപയുടെ നഷ്ടം ഉത്തരവാദിയായ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടതാണ്.

[കുറിപ്പ്: മേൽഅപാകത ശ്രദ്ധയിൽപ്പെടുത്തി സെക്രട്ടറിക്ക് നൽകിയ എൻക്വയറിക്ക് (എൻക്വയറി നമ്പർ 01/20.09.16) ലഭ്യമാക്കിയ മറുപടിയിൽ നഷ്ടം ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്]

## 2-2 ഷോപ്പിംഗ് കോപ്ലംക്സ് വാടക; പഞ്ചായത്ത് ഫണ്ടിന് 27,029/- രൂപയുടെ നഷ്ടം.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അങ്ങാടിപൊയിൽ ബസ്റ്റാന്റ് ഷോപ്പിംഗ് കോപ്ലംക്സിലെ റൂമുകളുടെ വാടക നിശ്ചിത സമയ പരിധിക്കുള്ളിൽ അടവാക്കുന്നതിൽ വീഴ്ച വരുത്തിയ വാടകക്കാരിൽ നിന്നും പിഴ പൂർണ്ണമായി ഈടാക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ടിന് 27029/-രൂപയുടെ നഷ്ടം. പഞ്ചായത്ത് സെക്രട്ടറിയുമായി ചമച്ചിട്ടുള്ള കരാർ പ്രകാരം പ്രതിമാസ വാടക വാടകക്കാരൻ അതത് മാസം 5-ാം തിയ്യതിക്കകം മുൻകൂറായി അടവാക്കേണ്ടതും, ആയതിൽ വീഴ്ച്ച വരുത്തുന്ന പക്ഷം പ്രതി മാസം 5% നിരക്കിൽ പിഴ അടവാക്കേണ്ടതുമാണ്. പിഴ പൂർണ്ണമായി ഈടാക്കാത്തതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടത്തിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വാടകക്കാരന്റെ/ വാടകയുടെ വിവരം | വാടക അടവാക്കുന്നതിൽ വീഴ്ച്ച വരുത്തിയ മാസങ്ങൾ | പിഴ ഇനത്തിൽ അടവാക്കിയതിന്റെ വിവരം | പിഴ ഇനത്തിൽ അടവാക്കേണ്ട തുക | കുറവ് |
|---|---|---|---|---|---|
| 01 | ശ്രീ.രാമചന്ദ്രൻ.എം, മാങ്കുന്നൻ വീട്, വണ്ടൂർ. [റൂം നമ്പർ I & III - പ്രതിമാസ വാടക @6825/-] | 04/2015 മുതൽ 12/2015 വരെ | 3003/- 11504106109/ 09.02.2016 | 21501/- | 18498/- |
| 02 | ശ്രീമതി.രാജിത, മാങ്കുന്നൻ വീട്, വണ്ടൂർ. [റൂം നമ്പർ II & IV - പ്രതിമാസ വാടക @6825/-] | 06/2015 മുതൽ 09/2015 വരെ | 2389/- 11504104636/ 04.01.2016 | 7508/- | 5119/- |
| | | 10/2015 മുതൽ 02/2016 വരെ | 1706/- 11504106108/ 09.02.2016 | 5118/- | 3412/- |
| ആകെ | | | | | 27029/- |

പഞ്ചായത്തിന് ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

**[മേൽ അപാകതക്ക് നൽകിയ എൻക്വയറിക്ക് *(05/23.09.2016)* സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ കുറവുള്ള തുക അടവാക്കുന്നതിന് നോട്ടീസ് നൽകിയതായി അറിയിച്ചു]**

## 2-3 ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചത് ക്രമപ്രകാരമല്ല.

ശ്രീമതി. ഷക്കീല, ശ്രീമതി. അഷിദ തണ്ടുപാരക്കൽ വീട് എന്നിവർക്ക് വാണിജ്യാവശ്യത്തിനുള്ള (ഗ്രൂപ്പ് F) കെട്ടിടം നിർമ്മിക്കുന്നതിന് നൽകിയ അനുമതി [പെർമിറ്റ് നമ്പർ 102/2015-16 തിയ്യതി. 26.11.2015- പ്ലിന്ത് ഏരിയ 638.60 M2 ( G.F 319.3M2 + F.F 319.3M2 )] കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 35(2) പട്ടിക 2-ന് വിരുദ്ധമാണ്. അപേക്ഷകർ ഹാജരാക്കിയ രേഖകൾ പ്രകാരം പ്ലോട്ടിന്റെ ആകെ വിസ്തീർണം 485 M2 [ 323 M2+ 162 M2, (Doc No. 1487/14, 1488/14 കൈവശ സർട്ടിഫിക്കറ്റ്, നികുതി രസീതി)] ആണ്. എന്നാൽ പെർമിറ്റിനുള്ള അപേക്ഷയിൽ, പ്ലോട്ടിന്റെ വിസ്തീർണം 588.81 M2 എന്ന് രേഖപ്പെടുത്തിയാണ് സ്കെച്ച്/ പ്ലാനുകൾ വരക്കുകയും; കവറേജ്, പാർക്കിംഗ് ഏരിയ എന്നിവ കണക്കാക്കുകയും ചെയ്തിട്ടുള്ളത്.

ചട്ടം 35(2) പട്ടിക 2 പ്രകാരം കാറ്റഗറി II വില്ലേജ് പഞ്ചായത്തുകളിൽ ഗ്രൂപ്പ് F കെട്ടിടങ്ങൾക്ക് അനുവദിനീയമായ പരമാവധി കവറേജ് 55 ശതമാനമാണ്. മേൽ പെർമിറ്റ് പ്രകാരം അനുവദിച്ച പെർമിറ്റ് പ്രകാരം കവറേജ് 65 ശതമാനമാണ് [(319.3/485)*100].

ക്രമ വിരുദ്ധമായി പെർമിറ്റ് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, പഞ്ചായത്തിനെ തെറ്റിധരിപ്പിച്ച് സ്കെച്ച്/ പ്ലാനുകൾ തയ്യാറാക്കിയതിന്ന് ലൈസൻസിക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിനോട് ശുപാർശ ചെയ്യേണ്ടതുമാണ്.

[മേൽ അപാകതക്ക് നൽകിയ എൻക്വയറിക്ക് (എൻക്വയറി 13/ 27.09.2016) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ തുടർ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്]

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ചെയ്യാത്ത പ്രവൃത്തികൾക്ക് തുക നൽകി. ഗ്രാമ പഞ്ചായത്തിന് 219347 രൂപ നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഉള്ളതും എന്നാൽ യഥാർത്ഥത്തിൽ ചെയ്യാത്തതുമായ പ്രവൃത്തികൾ ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കൺവീനർമാർക്ക് തുക നൽകിയത് വഴി ഗ്രാമ പഞ്ചായത്തിന് 219347 രൂപ നഷ്ടമായി.

ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 24.9.2016, 27.9.2016 തീയ്യതികളിൽ ബന്ധപ്പെട്ട പ്രവൃത്തി സ്ഥലങ്ങൾ സന്ദർശിച്ചപ്പോഴാണ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രവൃത്തികൾ ചെയ്തിട്ടില്ല എന്ന് ബോധ്യമായത്. ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ പ്രവൃത്തി സ്ഥലം സന്ദർശിക്കാതെ അളവ് പുസ്തകത്തിൽ പ്രവൃത്തിയുടെ വിവരങ്ങൾ രേഖപ്പെടുത്തിയത് ഗുരുതരമായ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. അധികം നൽകിയ തുക അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് പലിശ സഹിതം ഈടാക്കേണ്ടതാണ്.

നേരിട്ട് പരിശോധിച്ച പ്രവൃത്തികളിലെല്ലാം തന്നെ ഇത്തരത്തിൽ അപാകതകൾ കണ്ടെത്തിയതിനാൽ ഓഡിറ്റ് വർഷത്തെ മുഴുവൻ പ്രവൃത്തികളും സന്ദർശിച്ച് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രവൃത്തികളെല്ലാം ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് ഭരണ സമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ചെയ്യാത്ത പ്രവൃത്തികൾക്ക് തുക നൽകി

| പ്രവൃത്തി | വൗച്ചർ/ തുക | ഇനം | എണ്ണം/ അളവ് | തുക |
|---|---|---|---|---|
| ഊട്ട്പുറം അംഗൻവാടിക്ക് കെട്ടിട നിർമ്മാണം. (192/16) | 12/3.7.15<br>810000 | വാഷ് ബെയ്സിൻ | 1 | 2728 |
| കുവ്വക്കോട് അംഗൻവാടിക്ക് കെട്ടിട നിർമ്മാണം.(215/16) | 5/10.6.15<br>810000 | വാഷ് ബെയ്സിൻ | 1 | 2728 |
| ,, | ,, | സ്റ്റീൽ സിങ്ക് | 1 | 3072 |
| ശാന്തി നഗർ അംഗൻവാടിക്ക് കെട്ടിട നിർമ്മാണം.(213/16) | 11/9.7.15<br>810000 | സ്റ്റീൽ സിങ്ക് | 1 | 3072 |

| | | | | |
|---|---|---|---|---|
| ഊട്ടുപുറം അംഗൻവാടിക്ക് ചുറ്റമതിൽ നിർമ്മാണം. (222/16) | 36/22.12.15<br>150000 | വൈറ്റ് വാഷിങ് | 64.68m$^2$ | 4246 |
| ആകെ | | | | 15846 |

2. അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അത്രയും അളവുകളിൽ പ്രവൃത്തി ചെയ്തില്ല

| പ്രവൃത്തി | വൗച്ചർ/ തുക | ഇനം | അളവ് പുസ്തകം പ്രകാരം അളവ് | യഥാർത്ഥത്തിൽ ചെയ്ത അളവ് | അധിക തുക |
|---|---|---|---|---|---|
| ശാന്തി നഗർ അംഗൻവാടിക്ക് കെട്ടിട നിർമ്മാണം. (213/16) | 11/9.7.15<br>810000 | ലിന്റൽ, ബീം എന്നിവക്കായി RCC (1:2:4 using 20mm metal) | 4.047m$^3$ | 3.769m$^3$ | 4087<br>@147/10 dm$^3$ |
| കുവ്വക്കോട് അംഗൻവാടിക്ക് നിർമ്മാണം. (215/16) | 5/10.6.15<br>810000 | ലിന്റൽ, ബീം എന്നിവക്കായി RCC (1:2:4 using 20mm metal) | 4.637 | 4.377 | 3822<br>@147/10 dm$^3$ |
| ഊട്ടുപുറം അംഗൻവാടിക്ക് കെട്ടിട നിർമ്മാണം. (192/16) | 12/3.7.15<br>810000 | വാതിലുകൾക്കും ജനലുകൾക്കും വെന്റിലേറ്ററുകൾക്കുമുള്ള RCC ഫ്രയിം | 0.3844 | 0..159m$^3$ | 8205<br>@364/10 dm$^3$ |
| ആകെ | | | | | 16114 |

<u>കുറിപ്പുകൾ</u>

a) ക്രമ നമ്പർ 1.അളവ് പുസ്തകത്തിൽ ലിന്റലിന്റെ അളവിൽ ഒന്നാമതായി കാണിച്ച 2*9.25*.20*.15 എന്നതിൽ നീളം യഥാർത്ഥത്തിൽ 7.75m മാത്രം.

രണ്ടാമതായി കാണിച്ച 3*6.10*.20*.15 എന്നതിൽ എണ്ണം യഥാർത്ഥത്തിൽ 2 മാത്രം

b) ക്രമ നമ്പർ 2.അളവ് പുസ്തകത്തിൽ ലിന്റലിന്റെ അളവിൽ ഒന്നാമതായി കാണിച്ച 2*9.30*.20*.15 എന്നതിൽ നീളം യഥാർത്ഥത്തിൽ 8m മാത്രം.

രണ്ടാമതായി കാണിച്ച 3*6.00*.20*.15 എന്നതിൽ എണ്ണം യഥാർത്ഥത്തിൽ 2 മാത്രം

c).ക്രമ നമ്പർ 3. ജനലിനും വെന്റിലേറ്ററിനും RCC ഫ്രയിം ഫിറ്റ് ചെയ്തിട്ടില്ല

3. എസ്റ്റിമേറ്റ് പ്രകാരമുള്ള മെറ്റീരിയൽ ഉപയോഗിച്ചില്ല.

| പ്രവൃത്തി | വൗച്ചർ/ തുക | അളവ് പുസ്തകം പ്രകാരം ചെയ്ത പ്രവൃത്തി<br>@676/10dm$^3$ | യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തി<br>@364/10dm$^3$ | അളവ് | അധിക തുക |
|---|---|---|---|---|---|
| കുവ്വക്കോട് അംഗൻവാടിക്ക് നിർമ്മാണം.(215/16) | 5/10.6.15<br>810000 | ഇരുൾ മരം ഉപയോഗിച്ച് 3 വാതിൽ ഫ്രയിം | Rcc ഉപയോഗിച്ച് 3 വാതിൽ ഫ്രയിം | 0.19m$^3$ | 5928 |

4.ശ്മശാനം ചുറ്റുമതിൽ പ്രവൃത്തി. സിമന്റ് കോൺക്രീറ്റ് പ്രവൃത്തി കുറഞ്ഞ കനത്തിൽ ചെയ്തു.

| പ്രവൃത്തി | വൗച്ചർ/തുക | ഇനം | അളവ് പുസ്തകം പ്രകാരം അളവ് | യഥാർത്ഥത്തിൽ ചെയ്ത അളവ് (കനം 7cm മാത്രം) | അധിക തുക |
|---|---|---|---|---|---|
| താമരശ്ശേരി എസ്.സി കോളനി ശ്മശാനം സംരക്ഷണം | 200/31.3.2016. 923931 | 10cmകനത്തിൽ 1:2:4 സിമന്റ് കോൺക്രീറ്റ് @6473.53/$m^3$ | 9.8$m^3$ | 6.86$m^3$ | 19032 |
| ,, | ,, | സെന്ററിങ് വർക്ക് @393.35/$m^2$ | 39.2$^{m2}$ | 22.61$m^2$ | 6526 |
| മൈലാടി എസ്.സി കോളനി ശ്മശാനം സംരക്ഷണം | 197/31.3.2016 1000000 | 10cmകനത്തിൽ 1:2:4 സിമന്റ് കോൺക്രീറ്റ് | 12.92$m^3$ | 9.04 | 25117 |
| ,, | ,, | സെന്ററിങ് വർക്ക് @393.35 | 51.66$m^2$ | 36.16$m^2$ | 6097 |
| മാടശ്ശേരി എസ്.സി കോളനി ശ്മശാനം സംരക്ഷണം | 199/31.3.2016 959683 | 12cmകനത്തിൽ 1:2:4 സിമന്റ് കോൺക്രീറ്റ് @6473.53/$m^3$ | 11.76$m^3$ | 6.86 | 31720 |
| ,, | ,, | സെന്ററിങ് വർക്ക് @393.35/$m^2$ | 47.04$m^2$ | 27.44$m^2$ | 7710 |
| ഷാരിയിൽ എസ്.സി കോളനി ശ്മശാനം സംരക്ഷണം | 198/31.3.2016 1000000 | 10cmകനത്തിൽ 1:2:4 സിമന്റ് കോൺക്രീറ്റ് @6473.53/$m^3$ | 12.78$m^3$ | 6.39$m^3$ (കനം 5cm മാത്രം) | 41366 |
| ,, | ,, | സെന്ററിങ് വർക്ക് @393.35/$m^2$ | 56.8$m^2$ | 28.4$m^2$ | 11171 |
| | ആകെ | | | | 148739 |

5. കോൺക്രീറ്റ് ചെയ്യാത്ത ഭാഗം കുറവ് ചെയ്യാതെ തുക നൽകി

| പ്രവൃത്തി | വൗച്ചർ/തുക | ഇനം (റാഫ്റ്റ് കോൺക്രീറ്റ്) | അളവ് പുസ്തകം പ്രകാരം അളവ് | യഥാർത്ഥത്തിൽ പ്രവൃത്തി ചെയ്തത് | അധികം നലകിയ തുക 8129.16/$m^3$ |
|---|---|---|---|---|---|
| പഞ്ചായത്ത് മിനി | വൗച്ചർ | റീ | 229.59 | 225.565 | 32720 |

| | | | | | | | |
|---|---|---|---|---|---|---|---|
| | സിവിൽ സ്റ്റേഷൻ നിർമ്മാണം (പ്രൊജക്ട് നം. 228/16) | 127/29.3.2016<br>ബിൽ 102/29.3.2016<br>തുക. 5121019.00 | ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് (1:1.5:3) | | | | |

കുറിപ്പ്:-പ്രവൃത്തി സ്ഥലത്ത് ലിഫ്റ്റ് സ്ഥാപിക്കുന്നതിന് വേണ്ടി 2.50m*2.30m അളവിൽ കുഴിയെടുത്ത ഭാഗത്ത് കോൺക്രീറ്റ് ചെയ്തിട്ടില്ല

ആകെ അധികം നൽകിയ തുക 219347.

വിശദീകരണം ആവശ്യപ്പെട്ട് 12/27.9.16, 14/28.9.2016 നമ്പറുകളിലായി നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് ചുവടെ കാണും പ്രകാരമാണ് മറുപടി ലഭ്യമാക്കിയത്.

| | |
|---|---|
| 1. | ഓഡിറ്റ് കണ്ടെത്തൽ ശരിയാണ്.സ്വന്തം ചെലവിൽ പ്രവൃത്തി ചെയ്ത് ഓഡിറ്റ് പരിശോധനക്ക് വിധേയമാക്കുന്നതാണ്.<br>പ്രവൃത്തി കഴിഞ്ഞ് ഒരു വർഷത്തിലധികം കഴിഞ്ഞ് ഓഡിറ്റിൽ കണ്ടെത്തിയ ശേഷമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഈ പ്രവൃത്തികൾ ചെയ്തിട്ടില്ല എന്ന് അറിയുന്നത്. മറുപടി സ്വീകാര്യമല്ല. തുക ഈടാക്കേണ്ടതാണ് |
| 2. | ഊട്ട് പുറം അംഗനവാടിയുടെ ജനലിനും വെന്റിലേറ്ററിനും ആർ.സി.സി. ഫ്രെയിം ചുമർ കനത്തിൽ സൈറ്റിൽ തന്നെ വാർത്തിട്ടുള്ളതാണ്. പ്രീകോസ്റ്റ് അല്ല എന്ന എന്ന മറുപടിയാണ് ലഭ്യമാക്കിയത്.<br>എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പ്രികാസ്റ്റ് ആർ.സി.സി. വർക്ക് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അളവ് പുസ്തകത്തിലും അപ്രകാരമാണ്.<br>എസ്റ്റിമേറ്റിലും അളവ് പുസ്തകത്തിലും രേഖപ്പെടുത്തിയതിന് വിരുദ്ധമായി സൈറ്റിൽ തന്നെ ചുമർ കനത്തിൽ പ്രവൃത്തി ചെയ്തു എന്ന മറുപടി അംഗികരിക്കാവുന്നതല്ല. തുക ഈടാക്കേണ്ടതാണ്. |
| 2(1)<br>(2) | ലിന്റൽ, ബീം എന്നിവ യഥാർത്ഥ അളവ് തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കാവുന്നതല്ല.<br>ഖണ്ഡികയിൽ പരാമർശിച്ച പ്രകാരം കോൺക്രീറ്റ് ചെയ്ത അളവുകളിൽ വ്യത്യാസമുണ്ട് എന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാനിധ്യത്തിൽ പരിശോധിച്ച് ബോധ്യപ്പെട്ടതാണ്. |
| 3 | വെൽഫയർ കമ്മറ്റിയുടെ നിർബന്ധം കാരണമാണ് ഇരുൾ മരത്തിന് പകരം കോൺക്രീറ്റ് ഫ്രെയിം ഫിറ്റ് ചെയ്തതെന്നും സമയക്കുറവ് കാരണം എസ്റ്റിമേറ്റ് പുതുക്കാൻ കഴിഞ്ഞില്ല എന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി.ചെയ്യാത്ത പ്രവൃത്തി ചെയ്തു എന്ന് തെറ്റായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി അധിക തുക നൽകിയിട്ടുള്ള മറുപടി അംഗീകരിക്കാവുന്നതല്ല. |
| 4 | കരിങ്കൽ കെട്ടിന് മുകളിലുള്ള unevenness കാരണം അതിന് മുകളിൽ കോൺക്രീറ്റ് ചെയ്യുമ്പോൾ വ്യത്യാസം വരുന്നത് സ്വാഭാവികമാണ് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി.ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാനിധ്യത്തിൽ നടത്തിയ പരിശോധനയിൽ ഒരിടത്തും 10സെ.മീ. കനം കണ്ടിട്ടില്ല. പലയിടത്തും പരമാവധി കനം 7സെ.മീ. മാത്രം ആണ്. മറുപടി അംഗീകരിക്കാവുന്നതല്ല. |
| 5. | ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള കുഴിയെടുത്ത ഭാഗത്തും റാഫ്റ്റ് കോൺക്രീറ്റ് ചെയ്തിട്ടുണ്ട് എന്നാണ് മറുപടി. 2മീറ്ററിൽ അധികം ആഴമുള്ള കുഴിയിൽ റാഫ്റ്റിനുവേണ്ടി 70സെ.മീ. കനത്തിൽ കോൺക്രീറ്റ് ചെയ്തു എന്നത് വിശ്വസനീയമല്ല. മറുപടി അംഗീകരിക്കാവുന്നതല്ല. |

## 3-2 ടെണ്ടർ കുറവ് കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകി.

വൌച്ചർ 127/29.3.2016

ബിൽ 102/29.3.2016. തുക. 512109

കരാറുകാരൻ . ശ്രീ. ടി.പി രവി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പഞ്ചായത്ത് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം എന്ന പ്രവൃത്തി (പ്രൊജക്ട് 228/16) കരാറുകാരൻ ശ്രീ ടി.പി രവി ഏറ്റെടുത്തത് 16.80% കുറഞ്ഞ നിരക്കിലായിരുന്നു. എന്നാൽ കരാറുകാരന് പാർട്ട് ബിൽ നൽകിയപ്പോൾ 16.80% തുക കുറവ് ചെയ്യാതെയാണ് തുക നൽകിയത്. ടെണ്ടർ കുറവ് കുറവ് ചെയ്യാതിരുന്നത് വഴി കരാറുകാരന് 723957 രൂപ അധികമായി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കരാറുകാരന് നൽകിയത് | | കരാറുകാരന് നൽകാവുന്നത് | | അധികം |
|---|---|---|---|---|
| ആകെ മൂല്യ നിർണ്ണയം | 5323582 | ആകെ മൂല്യ നിർണ്ണയം | 5323582 | |
| പരിമിതപ്പെടുത്തിയത് | 5121019 | പരിമിതപ്പെടുത്തിയത് | 5121019 | |
| (-) നികുതികൾ<br>വാറ്റ് 204841<br>ആദായ നികുതി 51210<br>നി.തൊ.ക്ഷേ. നിധി 51210<br>റിട്ടൻഷൻ 512102 | 819363 | (-)ടെണ്ടർ കുറവ് 16.80% 860331<br>നികുതികൾ<br>വാറ്റ് 170428<br>ആദായ നികുതി 42607<br>ആദായ നികുതി സെസ്സ് (3%)1278<br>നി.തൊ.ക്ഷേ. നിധി 42607<br>റിട്ടൻഷൻ 426069 | 1543320 | |
| ആകെ | 4301656 | | 3577699 | 723957 |

അധിക നിരക്ക് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് 3/23-09-2016നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അധികം തുക ഫൈനൽ ബില്ലിൽ നിന്ന് കുറവ് ചെയ്യുന്നതാണ് എന്നാണ് മറുപടി നൽകിയത്. 18.60% കുറവ് ഫൈനൽ ബില്ലിൽ നിന്നും ക്രമീകരിക്കേണ്ടതും, 723957 രൂപക്ക് ഗ്രാമപഞ്ചായത്തിന് ലഭ്യമാകുമായിരുന്ന പലിശ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിലടവാക്കേണ്ടതുമാണ്.
മറ്റു അപാകതകൾ:-

1. പ്രവൃത്തിയുടെ ഇനം 2,3,4 എന്നിവ പ്രകാരം ആകെ 1594എം3 മണ്ണ് സൈറ്റിൽ നിന്ന് ഖനനം ചെയ്തിട്ടുണ്ട്. എന്നാൽ വിശദമായ അളവുകൾ രേഖപ്പെടുത്തിയ ലെവൽ ഫീൽഡ് ബുക്ക് പരിശോധനക്ക് ലഭ്യമായിട്ടില്ല.
2. പ്രവൃത്തിയുടെ സ്ട്രക്ചറൽ ഡിസൈൻ, സോയിൽ ടെസ്റ്റ് എന്നിവ നടത്തിയ ആര്യനെറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, വേലിക്കാട്, മുണ്ടൂർ, പാലക്കാട് എന്ന സ്ഥാപനം അംഗീകൃത ഏജൻസിയാണെന്നതിനുള്ള രേഖകൾ പരിശോധനക്ക് ലഭയമാക്കിയിട്ടില്ല.
3. പ്രവൃത്തിയുടെ സ്ട്രക്ചറൽ ഡിസൈൻ സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
4. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല

അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-3 പുകയില്ലാത്ത അടുപ്പിന് അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്ന പ്രൊജക്റ്റിന്റെ ഭാഗമായി പുകയില്ലാത്ത അടുപ്പ് നിർമ്മിച്ചതിന് 16500 രൂപ നിരക്ക് കണക്കാക്കിയാണ് കൺവീനർമാർക്ക് തുക നൽകിയിട്ടുള്ളത്. പ്രസ്തുത തുകക്കുള്ള ഡാറ്റ എസ്റ്റിമേറ്റിനൊപ്പം ഉള്ളടക്കം ചെയ്തിട്ടുമില്ല . എന്നാൽ വണ്ടൂർ ബ്ലോക്കിൽ പുകയില്ലാത്ത അടുപ്പിന് അംഗീകൃത നിരക്ക് ചുവടെ കാണും പ്രകാരം 6371രൂപ മാത്രമാണ്. വണ്ടൂർ ബ്ലോക്കിൽ ഉൾപെട്ട തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം അധിക തുക നൽകിയത് ഓഡിറ്റിൽ ചൂണ്ടീക്കാട്ടിയപ്പോൾ അധിക തുക തിരിച്ചടവാക്കിയതാണ്. (2013-14,14-15ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.12 ). അധികം നൽകിയ 40516 രൂപ ഈടാക്കേണ്ടതാണ്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | വൗച്ചർ/തുക | നൽകിയ തുക | അധികം |
|---|---|---|---|
| വടക്കുംപാടം അംഗൻവാടി നിർമ്മാണം<br>216/16 | 13/9.7.15<br>810000 | 16500 | 10129 |
| ഊട്ടുപുറം അംഗൻവാടി നിർമ്മാണം 192/16 | 12/3.7.15<br>810000 | 16500 | 10129 |
| കുവ്വക്കോട് അംഗൻവാടി നിർമ്മാണം 215/16 | 5/10.6.15<br>810000 | 16500 | 10129 |
| ശാന്തിനഗർ അംഗൻവാടി നിർമ്മാണം (213/16) | 11/9.7.15<br>810000 | 16500 | 10129 |
| | | ആകെ | 40516 |

പുകയില്ലാത്ത അടുപ്പിന് നൽകാവുന്ന തുകയുടെ ഡാറ്റ

| | | | | |
|---|---|---|---|---|
| 1 | No | 30cm dia stainless steel plate | 1100 each | 1100 |
| 1 | ,, | 23cm dia stainless steel plate | 880 | 880 |
| 1 | ,, | 15cm dia stainless steel plate | 660 | 660 |
| 50 | ,, | Wire cut bricks 22.9*11.2*7cm | 7192 1000Nos | 359.60 |
| 50 | ,, | ,, conveyance | 937 ,,` | 46.85 |
| 1.80 | ,, | Ceramic floor tiles | 401 m2 | 721.8 |
| 0.2 | M3 | Sand | 2777 | 555.40 |
| 0.2 | ,, | ,, conveyance | 358 | 71.6 |
| 0.028 | ,, | 20mm bs | 942 | 26.38 |
| ,, | ,, | ,, conveyance | 454 | 12.71 |
| 50 | Kg | Cement | 5940 | 297 |
| ,, | ,, | ,, conveyance | 323 | 16.15 |
| 3 | M | 150mm dia Ac pipe | 153/m | 459 |
| 1 | No | 150mm dia Ac bent | 128 | 128 |
| 1 | No | Mason for aligning and fitting | 471 | 471 |
| 1.50 | ,, | Man for assisting | 377 | 565.50 |
| | | | | 6370.99 |

അധിക നിരക്ക് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് 4/23-09-2016നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് - പുകയില്ലാത്ത അടുപ്പിന് അംഗീകൃത ഡാറ്റ ഉള്ളതായി അറിയില്ല എന്നാണ് മറുപടി നൽകിയത് -

അംഗീകൃത ഡാറ്റാ ഇല്ലെങ്കിൽ ഒബ്സേർവ്ഡ് ഡാറ്റാ ഉണ്ടാക്കി ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്ന് അംഗീകാരം വാങ്ങിയാണ് പ്രവൃത്തി ചെയ്യേണ്ടത് എന്നതിനാൽ മറുപടി അംഗികരിക്കാവുന്നതല്ല.

## 3-4 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ. അപാകതകൾ

1.ചീഫ് എഞ്ചിനീയറുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി റോഡ് കോൺക്രീറ്റ് പ്രവൃത്തി ചെയ്യുന്നു.

ഗ്രാമ പഞ്ചായത്തിലെ വിവിധ റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ ഭാഗമായി 1:4:8 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റ്, 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റ് എന്നിവ ചെയ്തിട്ടുള്ളത് 10cm വീതം കനത്തിലാണ്. എന്നാൽ LSGD ചീഫ് എഞ്ചിനീയറുടെ 18.9.2015 ലെ ഡി.ബി 4-9099/2015/CE/ത.സ്വ.ഭ.വ നമ്പർ കത്തിൽ റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ ഭാഗമായി 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റ് ചെയ്യുന്നത് 5cm മുതൽ 7.5cm വരെ കനത്തിൽ മതിയാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അധികരിച്ച കനത്തിൽ മേൽ പ്രവൃത്തി ചെയ്യുന്നുണ്ടെങ്കിൽ ആയത് ആവശ്യമായ എഞ്ചിനീയറിങ് ഡിസൈൻ പ്രകാരം സാധൂകരിക്കേണ്ടതാണ് എന്ന് കൂടി വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അപ്രകാരമുള്ള യാതൊരു രേഖകളുടെയും പിൻബലമില്ലാതെ കോൺക്രീറ്റ് ചെയ്ത എല്ലാ റോഡിലും 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റ് 10cm കനത്തിലാണ് ചെയ്തിട്ടുള്ളത്.ചീഫ് എഞ്ചിനീയറുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്തതിന്ന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 4/23-09-2016 നമ്പറായ ഓഡിറ്റ് എൻക്വയറിക്ക് മേലിൽ ചീഫ് എഞ്ചിനീയറുടെ സർക്കുലർ പ്രകാരം മാത്രം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി

2.റോഡ് കോൺക്രീറ്റിങ് എസ്റ്റിമേറ്റ് പ്രകാരമുള്ള കനത്തിൽ ചെയ്യുന്നില്ല

വിവിധ റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ ഭാഗമായി പ്രവൃത്തി ചെയ്യുന്ന റോഡിന്റെ മുഴുവൻ നീളത്തിലും ലെവലിങ് ചെയ്യുന്നതിനായി 15cm ക്വാറി മക്ക് ഉപയോഗിക്കുന്നുണ്ട്. ഇതിന് മുകളിൽ 1:4:8 അനുപാതത്തിലുള്ളസിമന്റ് കോൺക്രീറ്റ്, 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റ് എന്നിവ 10cm വീതം കനത്തിലും ചെയ്തിട്ടുണ്ട്. മൂന്ന് പ്രവൃത്തികളും കൂടി ചെയ്ത് കഴിഞ്ഞാൽ റോഡിന് തറ നിരപ്പിൽ നിന്ന് 20cm ഉയരം വേണ്ടതുണ്ട്. എന്നാൽ ഓഡിറ്റിന്റെ ഭാഗമായി 24.9.2016ന് സ്ഥല പരിശോധന നടത്തിയതിൽ സന്ദർശിച്ച രണ്ട് പ്രവൃത്തികളിലും 20cm ഉയരം കാണാനായില്ല. പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരം ചെയ്യുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

3.ഫില്ലിങ് പ്രവൃത്തിക്ക് ക്വാറിമക്ക് ഉപയോഗിക്കുന്നു.

വിവിധ റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ ഭാഗമായി പ്രവൃത്തി ചെയ്യുന്ന റോഡിന്റെ മുഴുവൻ നീളത്തിലും ലെവലിങ് ചെയ്യുന്നതിനായി 15cm ക്വാറി മക്ക് ഉപയോഗിക്കുന്നുണ്ട്. ഇത് കൂടാതെ പ്രസ്തുത ഏരിയയിൽ തന്നെ വിവിധ റീച്ചുകളിൽ ഫില്ലിങ് പ്രവൃത്തിക്കായും ക്വാറി മക്ക് ഉപയോഗിക്കുന്നുണ്ട്. മിക്ക പ്രവൃത്തികളിലും ലെവലിങിനായി ഉപയോഗിച്ച ക്വാറി മക്കിന്റെ 75% വരെ ക്വാറി മക്ക് ഫില്ലിങ്ങിനായും ഉപയോഗിക്കുന്നുണ്ട്. ഇത്തരം സ്ഥലങ്ങളിൽ ഫില്ലിങ്ങിന് മണ്ണ് ഉപയോഗിച്ചാൽ മതിയാവുന്നതാണ്. മാത്രമല്ല എല്ലാ പ്രവൃത്തി സ്ഥലത്തും ഓരേ രീതിയിൽ ഫില്ലിങ് പ്രവൃത്തി ചെയ്യേണ്ട രീതിയിലാണ് സൈറ്റ് ഉള്ളത് എന്നതും സംശയാസ്പദമാണ്. ഗ്രാമ പഞ്ചായത്തിൽ ചെയ്യാത്ത പ്രവൃത്തികൾക്കും, ചെയ്തതിലും അധികം അളവിൽ പ്രവൃത്തി ചെയ്തതായി കാണിച്ചും പ്രവൃത്തികൾക്ക് തുക നൽകിയിട്ടുള്ളതിനാൽ ഇത്തരം സംശയാസ്പദമായ പ്രവൃത്തികൾ ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തി | റോഡിന്റെ നീളം | ലെവലിങ്ങിന് ഉപയോഗിച്ച ക്വാറിമക്ക് | ഫില്ലിങ്ങിന് ഉപയോഗിച്ച ക്വാറിമക്ക് |
|---|---|---|---|
| തുള്ളിശ്ശേരി പാലശ്ശേരി പടി റോഡ് | 23 M | $10.35m^3$ | $9.08m^3$ |
| മുത്തശ്ശിക്കുന്ന് പള്ളിപ്പടി CHC ചന്തപ്പുര റോഡ് 67/16 | 59M | $22.13m^3$ | $10.96m^3$ |
| മുടിപ്പോയിൽ ഇടവഴി കോൺക്രീറ്റിങ് 289/16 | 82M | $35.85m^3$ | $30.04m^3$ |
| കാപ്പിൽ അരിപ്പമാട് SC കോളനി റോഡ് കോൺക്രീറ്റിങ് 275/16 | 76M | $34.2m^3$ | $56.53m^3$ |

| | | | |
|---|---|---|---|
| തെക്കുംപുറം കുന്നമ്മൽ റോഡ് അംഗൻവാടി റോഡ് കോൺക്രീറ്റ് 264/16 | 40M | $24m^3$ | $20.31m^3$ |

## 3-5 പ്രൊഫഷണൽ ചാർജുകൾക്ക് ആദായനികുതി കുറവായി ഈടാക്കി.

ഗ്രാമ പഞ്ചായത്ത് നിർമിക്കാൻ ഉദ്ദേശിക്കുന്ന മിനി സിവിൽസ്റ്റേഷൻ പ്രവൃത്തിക്കായി മണ്ണുപരിശോധന, സ്ട്രക്ചറൽ ഡിസൈനിംഗ് എന്നീ സാങ്കേതിക ചുമതലകൾ നിർവഹിച്ചതിന് ആര്യനട്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, മുണ്ടൂർ എന്ന സ്ഥാപനത്തിനു പ്രതിഫലം നല്കിയപ്പോൾ, ആദായനികുതി നിയമത്തിലെ 194 ജെ. വകുപ്പു പ്രകാരമുള്ള 10% നികുതി ഈടാക്കാത്തതിനാൽ, അധികം തുക നല്കിയിട്ടുണ്ട്.

(ആദായനികുതി നിയമത്തിലെ 194 ജെ. വകുപ്പു പ്രകാരം പ്രൊഫഷണൽ ചാർജ്/ ടെക്നിക്കൽ ചാർജ് എന്നീ ഇനങ്ങൾക്ക് 30,000 രൂപയ്ക്ക് മുകളിൽ തുക നല്കുമ്പോൾ 10% നിരക്കിൽ ആദായനികുതി ഈടാക്കേണ്ടതാണ്.)

<u>വിശദവിവരം:</u>

വൌച്ചർ നം.21500272/17-7-15 Rs.79,992

സ്ഥാപനം 29-6-15നു സമർപ്പിച്ച ബിൽ പ്രകാരം ആകെ തുക : 80,800

സ്രോതസ്സിൽ നിന്നും കുറവു ചെയ്ത ആദായനികുതി @1% : 808

സ്ഥാപനത്തിനു നല്കിയത് : 79,992

10% നിരക്കിൽ ഈടാക്കേണ്ട ആദായനികുതി : 8,080

കുറവ് : 7,272

തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്നറിയിച്ചു നല്കിയ ഓഡിറ്റ് എന്ക്വയറിക്കു ലഭിച്ച മറുപടിയിൽ, കുറവായ തുക അടവാക്കുന്നതിനു അറിയിപ്പു നല്കുന്നതാണെന്നു അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

താഴെ പറയുന്ന വൌച്ചറുകൾ പ്രകാരം വിവിധ പ്രൊജക്ടുകൾക്കായി നല്കിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | വൌച്ചർ നം. | തുക | ചെലവു വിവരം |
|---|---|---|---|
| 1 | 21500286/ 23-7-15 | 15,06,352 | Pro.No.23/16, IAY വിഹിതം(SC) അടവാക്കൽ |
| 2 | 21500285/23-7-15 | 40,00,000 | Pro.No.22/16, IAY വിഹിതം(Gen.) അടവാക്കൽ |
| 3 | 21500429/22-9-15 | 7,49,842 | Pro.No.23/16, തെരുവു വിളക്കുകൾ സ്ഥാപിക്കൽ. (ക്രൂസിനു നല്കിയത്.) |
| 4 | 21500686/31-12- | 14,02,000 | Pro.No.25/16, SSAവിഹിതം അടവാക്കൽ. |

| | | | |
|---|---|---|---|
| | 15 | | (ഫയലിൽ സൂക്ഷിച്ചിരിക്കുന്നത് Annual Work Plan പ്രകാരമുള്ള വിശദമായ UC അല്ല.) |
| 5 | 21500687/30-12-15 | 4,93,648 | Pro.No.23/16, IAY വിഹിതം(SC) അടവാക്കൽ |
| 6 | 21500696/17-3-16 | 1,00,000 | Pro.No.239/16, IAY കിഡ്നി വെൽഫയർ ഫണ്ട് ,വിഹിതം അടവാക്കൽ |
| | ആകെ | 82,51,842 | |

വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ചെലവു തുക 82,51,842 തടസ്സം ചെയ്യുന്നു.

## 3-7 ആർജ്ജിതാവധി സറണ്ടർ- അധികം നല്കി.

താഴെ പറയുന്ന വൌച്ചർ പ്രകാരം താൽക്കാലിക ജീവനക്കാരനായ ടെക്നിക്കൽ അസിസ്റ്റന്റിന് ആർജ്ജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. GO(P) No.324/2004/Fin12/7/2014 പ്രകാരം നിലവിലുള്ള 10 ദിവസത്തേക്ക് അനുവദിച്ച ആനുകൂല്യം 20 ദിവസത്തേക്ക് വർധിപ്പിച്ചെങ്കിലും, അർഹതയുണ്ടെങ്കിൽ മാത്രമേ നൽകാവൂയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കേരള സർവീസ് ചട്ടങ്ങൾ പ്രകാരം താൽക്കാലിക ജീവനക്കാർക്ക് ഒരു വർഷത്തേക്ക് പരമാവധി സ്വരുക്കൂട്ടാവുന്ന ആർജ്ജിതാവധി 15 മാത്രമായതിനാൽ 20 ദിവസത്തേക്ക് സറണ്ടർ അനുവദിച്ചത് ക്രമത്തിലല്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | വൌച്ചർ നം. | തുക | അർഹം | അധികം |
|---|---|---|---|---|
| 1 | 21500752/19-1-16 | 13500/30*20=9,000 | 13500/30*15=6,750 | 2,250 |

അധികം നല്കിയ തുക തിരിച്ചീടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ തുക ഈടാക്കിയ വിവരം ഉൾപ്പെടുത്തിയിട്ടില്ല.)

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 33333 | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ളസ്കോളർഷിപ്പ് | 33333 | 0 |
| ജില്ലാ പഞ്ചായത്ത് | ,, | 266250 | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ളസ്കോളർഷിപ്പ് | 266250 | 0 |
| ,, | ,, | 75000 | ,, | 75000 | 0 |

# 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | വൈദ്യുതി ലൈൻ നീട്ടൽ | 21500428/22.9.2015 | 115000 | 114925 | 75 |

# 4-3 . മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 7500/-രൂപ വരവുണ്ട്. ഇത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | 1090/2010 dt 27.3.10 | 24000000 | 1984925 | - | - | 1992425 |

# 4-5 . സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 3000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3000 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലപ്പുറം സ്പിന്നിങ് മിൽ (ഷെയർ) | 1000 |
| മലപ്പുറം ജില്ലാ കോ-ഓപ്പറേറ്റീവ് ആശുപത്രി (ഷെയർ) | 2000 |
| ആകെ | 3000 |

# 4-6. ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ ലഭിച്ച 450/-രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക | ഒഴടുക്കിയ ആളുടെ പേര് | രശീതി നം. |
|---|---|---|---|---|
| 1999-2000 | 2(1) | 450 | സെക്രട്ടറി,വണ്ടൂർ ഗ്രാമപഞ്ചായത്ത് | 11504102627/26-09-2015 |

# 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

# 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 81855617 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 103071747 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 210524 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 262113 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 8251842 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 183495 | | ശ്രീ.എം.ജിനചന്ദ്രൻ. സെക്രട്ടറി |
| 2-2 | 27029 | | ശ്രീ. പ്രേമചന്ദ്രൻ. സെക്രട്ടറി |
| 3-1 | | 219347 | ശ്രീമതി. കീർത്തി ടി.എസ്. അസിസ്റ്റന്റ് എഞ്ചിനീയർ 26483/-<br>Rs. 192864. ശ്രീ. രഘു. അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 40516 | ശ്രീമതി കീർത്തി ടി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ 20258/-രൂപ<br>ശ്രീ. രഘു. അസിസ്റ്റന്റ് എഞ്ചിനീയർ-20258/-രൂപ |

| | | | |
|---|---|---|---|
| 3-7 | | 2250 | ശ്രീ. പ്രേമചന്ദ്രൻ. സെക്രട്ടറി |
| | | | |
| | 210524 | 262113 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.6 | 8251842 | Rs. 5506352. ശ്രീ.എം.ജിനചന്ദ്രൻ. സെക്രട്ടറി<br>Rs. 2745490 ശ്രീ. പ്രേമചന്ദ്രൻ. സെക്രട്ടറി |
| | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.ഇല്ല

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-5 | 7272 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എം.ജിനചന്ദ്രൻ. സെക്രട്ടറി | ലഭ്യമല്ല | മഠത്തിൽ ഹൗസ്,<br>വെളിയംപാടം,<br>ചന്ദക്കുന്ന്.PO<br>നിലമ്പൂർ |
| ശ്രീ. പ്രേമചന്ദ്രൻ. സെക്രട്ടറി | വിരമിച്ചു | ആതിര, ഉപ്പുവള്ളി,<br>അമരമ്പലം.PO679322 |
| ശ്രീമതി. കീർത്തി ടി.എസ്. അസിസ്റ്റന്റ്എഞ്ചിനീയർ | ലഭ്യമല്ല | തോട്ടത്തുംപറമ്പിൽ,<br>D/Oശ്രീനിവാസൻ.ടി<br>തളിക്കുളം.പി.ഒ.<br>തൃശ്ശൂർ |
| ശ്രീ. രഘു. അസിസ്റ്റന്റ് എഞ്ചിനീയർ | ലഭ്യമല്ല | രോഹിണി നിലയം,<br>ഗോവിന്ദമുക്കം പി.ഒ,<br>കായംകുളം |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.എം.15/798/98 തി.03.10.1998 | 40 | |
| 1997-98 | എൽ.എഫ്.എം.6/693/10 തി.19.12.2010 | 2 | |
| 1998-99 | എൽ.എഫ്.എം.06/694/10 തി.31.12.2010 | 2 | |
| 1999-00 | എൽ.എഫ്.എം.06/695/10 തി.19.12.2010 | 3 | |
| 2001-02 | എൽ.എഫ്.എം.06/697/10 തി.31.12.2010 | 3 | |
| 2003-04 | എൽ.എഫ്.എം.06/699/10 തി.31.12.2010 | 1 | |
| 2004-05 | എൽ.എഫ്.എം.06/700/10 തി.31.12.2010 | 5 | |
| 2005-06 | എൽ.എഫ്.എം.06/1258/10 തി.29.07.2010 | 2 | |
| 2006-07 | എൽ.എഫ്.എം.06/1259/10 തി.29.07.2010 | 16 | |
| 2008-09 | എൽ.എഫ്.എം.06/1255/10 തി.10.11.2010 | 10 | |
| 2009-10 | എൽ.എഫ്.എം.06/1256/10 തി.11.11.2010 | 23 | |
| 2010-11 | എൽ.എഫ്.എം.06/2717/12 തി.04.01.2013 | 10 | |
| 2011-12,12-13 | കെ.എസ്.എ.എം.പി.എം.6/1377/14 തി:08.09.2015 | 27 | |
| 2013-14 | കെ.എസ്.എ.എം.പി.എം.6/684/2015 തി:01.09.2015 | 10 | |
| 2014-15 | കെ.എസ്.എ.എം.പി.എം.6/550/2016 തി:21.04.2016 | 12 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എം.എ.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം 2015-16

കെ എസ് എ എം പി എം6/2699/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിന്‍- 676 505 ഫോണ്‍: 0483-2734951

ഇ-മെയില്‍: dompm.ksad@kerala.gov.in

തീയ്യതി 07-10-2016

1994- ലെ കേരളാ ലോക്കല്‍ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളര്‍ ആന്റ് ഓഡിറ്റര്‍ ജനറല്‍ നിര്‍ദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകള്‍ അവലംബിച്ചും മലപ്പുറം ജില്ലയിലെ വണ്ടൂര്‍ ഗ്രാമപഞ്ചായത്തിന്റെ 2015-16 വര്‍ഷത്തെ വാര്‍ഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാന്‍ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോര്‍ട്ടില്‍ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമര്‍ശങ്ങള്‍ ഒഴികെ എന്റെ അഭിപ്രായത്തില്‍ വണ്ടൂര്‍ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാര്‍ഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയില്‍ അവതരിപ്പിക്കുന്നു എന്ന് ഞാന്‍ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടര്‍

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം

# അനുബന്ധം-2 AUDIT CERTIFICATE 2015-16

No. KSA/MPM/6/2699/2016

Kerala State Audit Department

District Audit office ,Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 07-10-2016

Certified that I have audited the Annual Financial Statement of Wandoor Grama panchayath in Malappuram District of the year ended on 31.3.2016 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Wandoor Grama panchayath for the year 2015-16 except the observations in My audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Malappuram